കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
യൂണിവേഴ്സിറ്റി വെറ്ററിനറി ഹോസ്പിറ്റൽ, കൊക്കാലെ
തൃശ്ശൂർ - 680 021
ഫോൺ: **0487-2423415;** ഇ-മെയിൽ - **vhkok@kvasu.ac.in**

നമ്പർ: യു.വി.എച്ച്.കെ/407/07 കൊക്കാലെ, തിയ്യതി : 16.11.2026

പുനഃ ക്വട്ടേഷൻ നോട്ടീസ്

കേരള വെറ്ററിനറി സർവ്വകലാശാലയുടെ ഘടക സ്ഥാപനമായ യൂണിവേഴ്സിറ്റി വെറ്ററിനറി ഹോസ്പിറ്റലിന്റെ കിഴക്ക് വശത്ത് തൃശ്ശൂർ – ഇരിങ്ങാലക്കുട റോഡിനും, വടക്കു വശത്ത് റെയിൽവേ സ്റ്റേഷൻ റോഡിനും, കൊക്കാല ജംഗ്ഷനും അഭിമുഖമായ ചുവരുകളിൽ, ഗേറ്റിനു മുമ്പിലെ ബെൽ മൗത്ത് ഒഴികെ (380 അടി നീളം 5 1/2 അടി വീതി ഏകദേശം 2000 ചതുരശ്ര അടി) പരസ്യമെഴുതി പ്രദർശിപ്പിക്കുന്നതിന് താഴെപ്പറയുന്ന നിബന്ധനകളോടെ മത്സരാടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാനതിയ്യതി **02.12.2026** പകൽ 3 മണി. അന്നുതന്നെ 4 മണിക്ക് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. സാധാരണ ഗവണ്മെന്റ് ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ഈ ക്വട്ടേഷനും ബാധകമാണ്.

നിബന്ധനകൾ

1. പരസ്യം എഴുതി പ്രദർശിപ്പിക്കുന്നതിനുള്ള കരാർ പ്രതിഫലസംഖ്യയും സെക്യൂരിറ്റി ഡെപ്പോസിറ്റും അടച്ച തിയ്യതി മുതൽ ഒരു വർഷത്തേക്കായിരിക്കും.
2. പരസ്യം സ്ഥാപിക്കുന്നതിന് 7,500/- രൂപ (ഏഴായിരത്തി അഞ്ഞൂറ് രൂപ) അല്ലെങ്കിൽ പ്രതിഫല തുകയുടെ 10 ശതമാനം, ഇതിൽ ഏതാണോ കൂടുതൽ ആയത് സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതാണ്. ടി സംഖ്യ കാലാവധിക്കു ശേഷം തിരിച്ചു നൽകുന്നതാണ്.
3. കരാർ കാലാവധി കഴിയുമ്പോൾ ചുവരെഴുത്തുകൾ കരാറുകാരൻ സ്വന്തം ചെലവിൽ മായ്ച്ചു തരേണ്ടതാണ്.
4. പരസ്യങ്ങളുടെ പ്രതിഫലതുക ക്വട്ടേഷൻ അംഗീകരിച്ചു രണ്ടാഴ്ചക്കകം (14 ദിവസത്തിനകം) ഡി.ഡി ആയി ആഫീസിൽ അടച്ച് രസീത് സ്വീകരിക്കേണ്ടതാണ്.
5. സെക്യൂരിറ്റി ഡെപ്പോസിറ്റ് ബാങ്ക് ഗ്യാരണ്ടി രൂപത്തിലോ അല്ലെങ്കിൽ സ്ഥാപനത്തിന്റെ പേരിൽ എൻഡോഴ്സ് ചെയ്ത സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റായോ നൽകേണ്ടതാണ്. കരാർ വ്യവസ്ഥകളിൽ ഏതെങ്കിലും തരത്തിലുള്ള ലംഘനം കണ്ടെത്തിയാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതായിരിക്കും.
6. കരാറുകാരൻ സ്ഥാപനവുമായി കരാറുകാരന്റെ ചിലവിൽ 200/- (ഇരുന്നൂറു രൂപ മാത്രം) വിലയുള്ള മുദ്രപ്പത്രത്തിൽ നിശ്ചിത മാതൃകയിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.
7. പരസ്യം പ്രദർശിപ്പിക്കുന്നതിന് കോർപ്പറേഷനിലേക്കോ ഗവണ്മെന്റിലേക്കോ പരസ്യനികുതിയിനത്തിലോ പരസ്യം പ്രദർശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് മറ്റെന്തെങ്കിലും തരത്തിലോ നികുതിയോ പണമോ കൊടുക്കേണ്ടതുണ്ടെങ്കിൽ എല്ലാ സംഖ്യകളും കരാറുകാരൻ വഹിക്കേണ്ടതാണ്.
8. വെറ്ററിനറി സർവകലാശാല നയങ്ങൾക്ക് വിരുദ്ധമോ, അശ്ലീല പരസ്യങ്ങളോ നിയമാനുസൃതമല്ലാത്തതോ പുകയില ഉത്പന്നങ്ങൾ, തെറ്റിദ്ധരിപ്പിക്കുന്നതോ, മദ്യത്തിന്റെയോ, ലഹരി വസ്തുക്കളുടെയോ, മത താത്പര്യങ്ങൾക്ക് അനുകൂലമോ

പ്രതികൂലമോ ആയ പരസ്യങ്ങളോ പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. പരസ്യത്തിലെ നിറങ്ങൾ റോഡിലെ വാഹന യാത്രയ്ക്ക് തടസ്സമാകാത്ത വിധത്തിലായിരിക്കണം. അശ്ലീല ചിത്രങ്ങളോ ചിഹ്നങ്ങളോ പദപ്രയോഗങ്ങളോ പാടുള്ളതല്ല.

9. പരസ്യം പതിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ളതും കാലാകാലങ്ങളിൽ കേരള സർക്കാർ, വെറ്ററിനറി സർവകലാശാല പുറപ്പെടുവിക്കുന്ന ഉത്തരവുകളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചട്ടങ്ങളും കരാറുകാരൻ പാലിക്കേണ്ടതാണ്.
10. ക്വട്ടേഷനുകൾ **"ചുറ്റുമതിലിൽ പരസ്യമെഴുതി പ്രദർശിപ്പിക്കുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് കവറിനു പുറത്തതായി രേഖപ്പെടുത്തി മുദ്രവെച്ചു സമർപ്പിക്കേണ്ടതാണ്.
11. ക്വട്ടേഷനിൽ ഉയർന്ന തുക രേഖപ്പെടുത്തുന്നവർക്ക് നിബന്ധനകൾ പ്രകാരമുള്ള മറ്റു യോഗ്യതകളുള്ള പക്ഷം കരാർ ഉറപ്പിക്കുന്നതാണ്.
12. ക്വട്ടേഷനുകൾ **02.12.2026** തിയ്യതി, 3.00 പി.എം -നുള്ളിൽ പ്രൊഫസർ & ഹെഡ്, യു.വി. എച്ച് കൊക്കാലെ, തൃശ്ശൂർ - 680 021 എന്ന മേൽവിലാസത്തിൽ ലഭിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
13. ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും, യാതൊരു കാരണവും കാണിക്കാതെ റദ്ദ് ചെയ്യുന്നതിനും, അസ്ഥിരപ്പെടുത്തുന്നതിനും മുഴുവൻ ഒപ്പു വെച്ചിരിക്കുന്ന ഉദ്യോഗസ്ഥന് പൂർണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

UNIVERSITY VETERINARY HOSPITAL THRISSUR PIN 680 021 KOKKALAI

പ്രൊഫസർ & ഹെഡ്

16/12/25

PROFESSOR AND HEAD
University Veterinary Hospital
Kokkalai, Thrissur-680 021

പകർപ്പ്:

1. നോട്ടീസ് ബോർഡ്, യു.വി. എച്ച് കൊക്കാലെ, വെറ്ററിനറി കോളേജ് മണ്ണുത്തി
2. വെബ്സൈറ്റ്, കേരള വെറ്ററിനറി സർവ്വകലാശാല www.kvasu.ac.in.
3. തൊട്ടടുത്ത ഗവണ്മെന്റ് / പൊതുമേഖല സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡുകൾ
4. ഫയൽ / സ്റ്റോക്ക് ഫയൽ.